കേരള സാഹിത്യ അക്കാദമി
തൃശൂർ
01.02.2018

പത്രക്കുറിപ്പ് 1

ദേശീയപുസ്തകോത്സവത്തിന് അർത്ഥപൂർണമായ തുടക്കം

# വർണശബളമായ ഭാഷയിൽ തിന്മ സംസാരിക്കുന്നു: എസ്.രാമകൃഷ്ണൻ

തൃശൂർ : കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന പത്തുനാൾ നീണ്ടുനിൽക്കുന്ന ദേശീയപുസ്തകോത്സവത്തിനും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിനും അർത്ഥസാന്ദ്രമായ തുടക്കം. പ്രശസ്ത തമിഴ് എഴുത്തുകാരൻ എസ്.രാമകൃഷ്ണൻ ദേശീയപുസ്തകോത്സവം ഉദ്ഘാടനം ചെയ്തു.

തിന്മ വർണശബളമായ ഭാഷയിൽ സമൂഹത്തെ ആകർഷിക്കുകയാണെന്നും നന്മ പലരും ശ്രദ്ധിക്കുന്നില്ലെന്നും ഉദ്ഘാടനപ്രസംഗത്തിൽ എസ്.രാമകൃഷ്ണൻ പറഞ്ഞു. നീതിക്കും നന്മക്കുംവേണ്ടി നിലകൊള്ളുകയാണ് സാഹിത്യത്തിന്റെ ധർമം. എളുപ്പം എഴുതാവുന്ന ഒന്നല്ല ജീവിതം. അതിസങ്കീർണമാണത്. നീതിയും ധാർമികതയും ഉയർത്തിപ്പിടിച്ചുകൊണ്ട് മാത്രമേ സാഹിത്യപ്രവർത്തനം സഫലമാവുകയുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വീട്ടിൽ പുസ്തകങ്ങൾ വാങ്ങിവെച്ച് പാവങ്ങൾക്ക് കൊടുക്കുന്ന കുട നന്നാക്കുന്നയാളെ എനിക്കറിയാം. ആശുപത്രിയിൽ കിടക്കുമ്പോഴും അയാൾ പുസ്തകങ്ങൾ വിതരണം ചെയ്തു. തനിക്ക് സംസാരിക്കാനാവില്ലെങ്കിലും പുസ്തകങ്ങൾ സംസാരിക്കുമെന്ന് അയാൾക്കറിയാം. എന്നാൽ പതിനായിരങ്ങൾ സമ്പാദിക്കുന്നവർക്ക് പുസ്തകങ്ങൾ വേണ്ട. വലിയ ദർശനങ്ങൾ തങ്ങളുടെ ചെറിയ ജീവിതങ്ങളിലൂടെ പകരുന്ന മാതൃകാപരമായ ജീവിതങ്ങൾ ഏറെ ശ്രദ്ധേയമാണ്.

സർക്കാരുകൾപോലും നീതിക്കുവേണ്ടി കോടതിയിൽ പോവുന്ന കാലമാണിത്. 56 കോടി കേസുകളാണത്രേ കോടതിയിൽ കെട്ടിക്കിടക്കുന്നത്. സത്യം പറയുന്ന കുട്ടികൾക്ക് വീട്ടിൽനിന്നുപോലും നീതി ലഭിക്കില്ലെന്ന് നമുക്കറിയാം. മലയാളത്തിൽനിന്ന് ഒരുപാട് പാഠങ്ങൾ താൻ പഠിച്ചിട്ടുണ്ടെന്നും ബഷീർ, തകഴി, ആനന്ദ്, കേശവദേവ്, പൊറ്റെക്കാട്, എം ടി തുടങ്ങി നിരവധി പ്രഗത്ഭരായ എഴുത്തുകാർ മലയാളത്തിന്റെ സമ്പത്താണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ നൊബേൽ പ്രൈസിന്റെ വഴിയിലാണ് ബഷീറിന്റെ സഞ്ചാരമെന്ന് രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

അക്കാദമി പ്രസിഡന്റ് വൈശാഖൻ അധ്യക്ഷത വഹിച്ചു. സാഹിത്യത്തിന്റെ പ്രഭാവം പുനഃസ്ഥാപിച്ചാൽ മാത്രമേ വൈജ്ഞാനികമേഖലയടക്കം എല്ലാ രംഗങ്ങളും സമ്പുഷ്ടമാവുകയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യ അതിരൂക്ഷമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോവുന്നത്. ശാസ്ത്രബോധവും യുക്തിചിന്തയും വളർത്തിയെടുത്ത് സ്വാതന്ത്ര്യബോധത്തിന്റെ ആവിഷ്കാരങ്ങൾ നടത്തുകയാണ് വേണ്ടത്.

എഴുത്തരങ്ങ് സാംസ്കാരികോത്സവം സംഗീത നാടക അക്കാദമി സെക്രട്ടറി എൻ.രാധാകൃഷ്ണൻനായർ ഉദ്ഘാടനം ചെയ്തു. അക്ഷരപ്പെരുമ വാർത്താപത്രിക ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ ഡോ.പി.വി.കൃഷ്ണൻനായർക്ക് നൽകി പ്രകാശനം ചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി അംഗം ബാലചന്ദ്രൻ വടക്കേടത്ത്, കേരള കലാമണ്ഡലം ഭരണസമിതിയംഗം ടി.കെ.വാസു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.ആർ.സന്തോഷ് എന്നിവരും സംസാരിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി 02.02.2018

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെയും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിന്റെയും ഭാഗമായി അക്കാദമി അങ്കണത്തിൽ രാവിലെ 10ന് കലാസാഹിത്യമത്സരങ്ങൾ. ഉദ്ഘാടനം കെ.വി.രാമകൃഷ്ണൻ. 10:30ന് ലളിതഗാനമത്സരം, ഉച്ചതിരിഞ്ഞ് 3ന് പുസ്തകപ്രകാശനം, 5ന് സെമിനാർ - ഭരണഘടനാസംരക്ഷണസദസ്സ്. ഉദ്ഘാടനം : ജസ്റ്റിസ് വി.കെ.മോഹനൻ, 6ന് ജി. ശങ്കരക്കുറുപ്പ് അനുസ്മരണം. 6:30ന് കോൽക്കളി & വട്ടപ്പാട്ട് (മുട്ടിപ്പാട്ട്). അവതരണം : യാസിർ കുരിക്കളും സംഘവും.

ഫോട്ടോ അടിക്കുറിപ്പ് : കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിലുള്ള ദേശീയ പുസ്തകോത്സവത്തിന്റെയും അക്ഷരപ്പെരുമ സാംസ്കാരികോത്സവത്തിന്റെയും ഉദ്ഘാടനം പ്രമുഖ തമിഴ് സാഹിത്യകാരൻ എസ്.രാമകൃഷ്ണൻ നിർവഹിക്കുന്നു.